LIBRARY ARCHIVES Kerala Legislative Assembly

ഡോം, സൈബർ പോലീസ് സ്റ്റേഷൻ, ഹൈടെക് സെൽ, ഇ.ആർ.എസ്.എസ്. എന്നിവിടങ്ങളിൽ അടിസ്ഥാന യോഗ്യത മാത്രമുള്ള ഉദ്യോഗസ്ഥരെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വാർത്താവിനിമയ ഉപകരണങ്ങൾ അടക്കമുള്ള ഇലക്ട്രോണിക്സ്/ഇലക്ട്രിക് ഉപകരണങ്ങൾ സ്ഥാപിക്കൽ, അറ്റകുറ്റപ്പണികൾ, പരിപാലനം എന്നിവ അടക്കമുള്ള ജോലികളാണ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗം നിർവ്വഹിക്കുന്നത്. എന്നാൽ സൈബർ പോലീസ് സ്റ്റേഷൻ അടക്കമുള്ള സൈബർ വിഷയവുമായി ബന്ധപ്പെട്ട യൂണിറ്റുകൾ ക്രമസമാധാന പരിപാലനത്തിന്റെ ഭാഗമായുള്ള കുറ്റാന്വേഷണങ്ങളും പരാതിപരിഹരിക്കലും അനുബന്ധ ജോലികളുമാണ് ചെയ്തുവരുന്നത്. ഇത്തരം ജോലികൾ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ പരിധിയിൽ വരുന്നില്ല.

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്താകെ എത്ര ഉദ്യോഗസ്ഥരെയാണ് ഇത്തരത്തിൽ നിയമിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള ഈ വിഭാഗങ്ങളിൽ മുഴുവനായും പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗക്കാരെ നിയോഗിക്കാനും അധികമായി ആവശ്യമുള്ളവരെ റിക്രൂട്ട് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പോലീസ് വിഭാഗങ്ങളിലേയ്ക്കായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന അടിസ്ഥാന യോഗ്യതയുള്ളവരെ അതതു വിഭാഗങ്ങൾക്ക് മാത്രമായി ഉപയോഗിക്കുവാൻ സാധിക്കുമെന്നതിനാൽ ഈ നിർദ്ദേശം പരിഗണിക്കുമോ?

(ബി-ഡി) ബാധകമല്ല.

ശ്രീ. ജെറിൻ ജെയിംസിന്റെ ആശ്രിത നിയമനം

81 (3108) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ നൽകിയ മുൻ CPO.K6382 ജെയിംസിന്റെ ആശ്രിതൻ ജെറിൻ ജെയിംസിന്റെ അപേക്ഷ കോട്ടയം കളക്ടർ ആവശ്യമായ രേഖകൾ സഹിതമാണോ സർക്കാരിന് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ശ്രീ. ജെറിൻ ജെയിംസിന്റെ അപേക്ഷ നിശ്ചിത ഫോമിൽ അല്ല കോട്ടയം കളക്ടറേറ്റിൽനിന്നും ഫോർവേഡ് ചെയ്തത് എന്ന പരാതി പരിഹരിച്ചിട്ടുണ്ടോ, പ്രസ്തുത അപേക്ഷ സർക്കാരിന് കൈമാറിയിട്ടുണ്ടോ,എന്നാൽ എന്ന് കൈമാറി എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി മുൻ CPO.K6382 ജെയിംസിന്റെ ആശ്രിതൻ ശ്രീ. ജെറിൻ ജെയിംസ് സമർപ്പിച്ച അപേക്ഷയിന്മേൽ കോട്ടയം ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിനോടൊപ്പം അപേക്ഷകൻ സമർപ്പിക്കേണ്ടുന്ന സത്യവാങ്മൂലം നിശ്ചിത മാതൃകയിലുള്ളതല്ലായിരുന്നു. ആശ്രിത നിയമന അപേക്ഷയുടെ പരിശോധനയിൽ കണ്ടെത്തിയ പ്രസ്തുത പോരായ്മ സർക്കാർ ആവശ്യപ്പെട്ടതിനെതുടർന്ന് 22-7-2021-ലെ DCKTM/4010/2020-SS1 കത്ത് പ്രകാരം കോട്ടയം ജില്ലാ കളക്ടർ പരിഹരിച്ച് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത അപേക്ഷയിൻമേൽ എപ്പോൾ തീരുമാനം എടുക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷയിൽ എത്രയും വേഗം പരിഹാരം കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ?

സേവനത്തിലിരിക്കെ അന്തരിച്ച ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിയമനത്തിന് ശ്രീ. ജെറിൻ ജെയിംസ് അർഹനാണെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത തസ്തികയിൽ നിയമനം നൽകുന്നതിനായി പോലീസ് വകുപ്പിൽ ഒഴിവില്ലാത്തതിനാൽ വാലിഡ് അപേക്ഷത്തീയതിയുടെ അടിസ്ഥാനത്തിലുള്ള മുൻഗണനാക്രമം നിശ്ചയിച്ച് ഒഴിവ് കണ്ടെത്തി ശ്രീ. ജെറിൻ ജെയിംസിന് ആശ്രിത നിയമനം നൽകുന്നതിലേയ്ക്കായി ടിയാളെ സംബന്ധിക്കുന്ന വിവരങ്ങളടങ്ങുന്ന പ്രൊഫോർമ, 24-5-1999-ലെ സ.ഉ.(പി) നമ്പർ 12/99/ഉ.ഭ.പ.വ. ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പൊതുഭരണ (സി.ഇ.സെൽ) വകുപ്പിന് 30-7-2021-ലെ കെ3/128/2020-ആഭ്യന്തരം പ്രകാരം കൈമാറിയിട്ടുണ്ട്. പൊതുഭരണ (സി.ഇ.സെൽ) വകുപ്പിൽനിന്നും പ്രസ്തുത നിയമനത്തിനായുള്ള ഒഴിവ് അറിയിക്കുന്ന മുറയ്ക്ക് ശ്രീ. ജെറിൻ ജെയിംസിന് നിയമനാനുമതി നൽകി സർക്കാർ ഉത്തരവാകുന്നതാണ്. മേൽ വിവരം ശ്രീ. ജെറിൻ ജെയിംസിനെ 30-7-2021-ലെ കെ3/128/2020-ആഭ്യന്തരം കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

പോലീസ് സ്റ്റേഷനുകളിലെ സേവനം മെച്ചപ്പെടുത്താൻ നടപടി

82 (3109) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനം മെച്ചപ്പെടുത്താൻ എന്തൊക്കെ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ?

പൊതുജനങ്ങൾക്ക് ഏത് സമയവും പോലീസ് സ്റ്റേഷനുകളിൽ നിർഭയം കടന്നുവരുന്നതിനും അവരുടെ പരാതികൾ ബോധിപ്പിക്കുന്നതിനുമുള്ള സാഹചര്യമാണ് നിലവിലുള്ളത്. പരാതിക്കാർക്ക് പരാതികളും മറ്റും സ്വീകരിച്ച് രസീത് നൽകുകയും